**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 155** **12-10-2026-ൽ മറുപടിയ്ക്ക്**

**കൂടൽമാണിക്യം ക്ഷേത്രം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കൂടൽമാണിക്യം ക്ഷേത്രം ഉൾപ്പെടെയുള്ള നാലമ്പല തീർത്ഥാടനത്തിന് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ബജറ്റ് അവതരണത്തെ തുടർന്നുള്ള മറുപടി പ്രസംഗത്തിൽ കൂടൽമാണിക്യ ക്ഷേത്രം ഉൾപ്പടെയുള്ള നാലമ്പല തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടൽമാണിക്യം ദേവസ്വത്തിൽ തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കിടപ്പുമുറികൾ, ഡോർമിറ്ററികൾ, ആധുനിക രീതിയിലുള്ള അമ്പതോളം ശൗചാലയങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു ബഹുനില കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിലവിലുള്ള പാർക്കിങ് സൗകര്യം കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്. തിരുമൂഴിക്കുളം ദേവസ്വത്തിൽ ക്ഷേത്രത്തിനകത്തും, ശീവേലി പാതയിലും സ്ഥിരമായി പന്തൽ സംവിധാനം, ടൈൽ പാകൽ, സൗമിത്രം ആഡിറ്റോറിയം നവീകരണം, താമസ സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, കുടിവെള്ള ലഭ്യതയ്ക്ക് വേണ്ട കൂടുതൽ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ തീർത്ഥാടനത്തിന് കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭക്തർക്ക് സുഗമമായ ദർശന സൗകര്യം നൽകുന്നതിന് ബാരിക്കേഡ് ക്യൂ സിസ്റ്റം ഒരുക്കിയിട്ടുള്ളതും കൂടാതെ പോലീസ് എയ്ഡ് പോസ്റ്റ്, കുടിവെള്ള സംവിധാനം, അന്നദാനം തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. പായമ്മൽ ശ്രീ ശത്രുഘ്ന ക്ഷേത്രത്തിൽ പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് ക്ഷേത്രം വക സ്ഥലത്ത് സൈഡ് കെട്ടി, മണ്ണടിച്ച്, കട്ടവിരിച്ച്, കാന നിർമ്മിച്ച് പാർക്കിംഗ് സൗകര്യമൊരുക്കുക, ചുറ്റുമതിലുകൾ നിർമ്മിച്ച് ടോയലറ്റുകളും റസ്റ്റ് റൂം സൗകര്യങ്ങളും ഒരുക്കുക, ക്ഷേത്രനടയിൽ നിന്നും പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള 200 മീറ്ററോളം ദൂരമുള്ള റോഡ് സൈഡ് കാന നിർമ്മിച്ച് കട്ടവിരിച്ച് സഞ്ചാര യോഗ്യമാക്കുക തുടങ്ങിയവ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**(ബി)** കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തീർത്ഥാടന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് ഏറ്റവും വേഗം അടിസ്ഥാന സൗകര്യമുൾപ്പെടെ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**